Malayala Manorama
26 Feb 1974 (Tuesday)

www.SyrianChurch.org

# പാത്രിയർക്കീസ് ബാവാ മെത്രാന്മാരെ വാഴിച്ചു

കോട്ടയം: ഫാ. പി. എം. ഗീവറുഗീസ് (പെരുമ്പള്ളി) ഫാ. സി. എം. തോമസ് (കോലഞ്ചേരി) എന്നിവരെ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കിസ് ബാവാ മെത്രാപ്പോലീത്താമാരായി വാഴിച്ചതായി യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡൻറ് ഈപ്പൻതോമസ് പാലാമ്പടത്തിനു ഡമാസ്കസിൽനിന്നു കേബിൾ സന്ദേശം ലഭിച്ചു.



ഫാ. സി. എം. തോമസ്

കഴിഞ്ഞ ഞായറാഴ്ചയാണ (ഫെബ്രുവരി 24) ഡമാസ്കസിൽ മെത്രാൻസ്ഥാനാഭിഷേകം നടന്നത്. ഫാ. പി. എം. ഗീവറുഗീസിനെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്നും ഫാ. സി. എം. തോമസിനെ തോമസ് മാർ ദിവന്നാസിയോസ് എന്നുമുള്ള പേരുകളിലാണ വാഴിച്ചിരിക്കുന്നത്.

## മാർ ഗ്രീഗോറിയോസ്

കഴിഞ്ഞ ദിവസംവരെ പെരുമ്പള്ളി സെൻറ് ജോർജ്ജ് സിംഹാസന പള്ളി വികാരിയായിരുന്ന ഫാ. ഗീവറുഗീസ് 1958–ൽ മഞ്ഞിനിക്കര മാർ ഇഗ്നാത്തിയോസ് ദേവാലയത്തിൽ വച്ചു കശീശ്ശാപട്ടം സ്വീകരിച്ചതു് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽനിന്നാണ്. മഞ്ഞിനിക്കര ദയറായിൽ സുറിയാനി പഠിക്കുകയും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്ത അദ്ദേഹം യശഃശരീരനായ മീഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയിൽനിന്നു ശിക്ഷണം നേടിയിട്ടുണ്ട്.

പുത്തുപ്പള്ളി കാരാപ്പുഴ തറവാട്ടിലെ പറപ്പള്ളൽ മാത്തു ആശാൻെറയും അന്നമ്മയുടെയും പുത്രനായി 43 വർഷംമുമ്പു ജനിച്ച അദ്ദേഹം പുതുപ്പള്ളി സെൻറ് ജോർജ്ജ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം കേരള സർവകലാശാലയുടെ ബി. ഒ. എൽ. ബിരുദം നേടി. പിന്നീടു കോഴിക്കോട്ടു ട്രെയിനിംഗ് കോളജിൽനിന്നു അദ്ധ്യാപന പരിശീലനം സമ്പാദിച്ചു. തുടർന്നു പുത്തൻകുരിശു മഹാത്മാഗാന്ധി മെമ്മോറിയൽസ്കൂളിൽ ഏഴു വർഷവും കണ്ടനാട്ട് സെൻറ് മേരീസ് ഹൈസ്കൂളിൽ എട്ടു വർഷവും അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. ഒരു പ്രശസ്ത വാഗ്മികൂടിയായ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയ്ക്കു മൂന്നു സഹോദരന്മാരും നാലു സഹോദരികളുമുണ്ട്.

## മാർ ദീവന്നാസിയോസ്

കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയുടെ ഓർഗനൈസിംഗ് സെക്രട്ടറി, പൗരസ്ത്യ സുവിശേഷ സംഘം ഓർഗനൈസർ, ഭിലായിലെ ഉത്തരേന്ത്യൻ മിഷൻ ഓർഗനൈസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിരുന്ന തോമസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത കോറുയോ പട്ടം സ്വീകരിച്ചതു് കണ്ടനാട്ട് ഭദ്രാസനാധിപൻ പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയിൽനിന്നാണ്. 1957–ൽ കടമററം പള്ളിയിൽവച്ചു ശെമ്മാശ്ശുപട്ടവും 1958–ൽ മഞ്ഞിനിക്കര മാർ ഇഗ്നാത്തിയോസ് പള്ളിയിൽവച്ചു മാർ യൂലിയോസ് മെത്രാപ്പോലീത്തയിൽ നിന്നു കശീശ്ശപട്ടവും സ്വീകരിച്ചു.

പുത്തൻകുരിശു് സെൻറു് പീറേറഴ്സ് പള്ളിയിലും വെള്ളത്തൂവൽ കിഴക്കുമുറി, ഫോർട്ടുകൊച്ചി വലമ്പൂർ എന്നിവിടങ്ങളിലെ ദേവാലയങ്ങളിലും വൈദികനായി സേവനമനുഷ്ഠിച്ച അദ്ദേഹം തൃശ്ശൂരിലെയും കൽക്കട്ടയിലെയും പള്ളികളിൽ വികാരിയായിരുന്നിട്ടുണ്ട്.

എറണാകുളം ജില്ലയിൽ വടയമ്പാടി ചെറുവിള്ളിൽ മത്തായിയുടെയും കുഞ്ഞമ്മയുടെയും പുത്രനായി ജനിച്ച അദ്ദേഹം പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്ത, ഞാർത്താങ്കൽ കോരുള മൽപാൻ എന്നിവരുടെ കീഴിലും മഞ്ഞിനിക്കര ദയറായിലും സുറിയാനി പഠിക്കയും വൈദികവിദ്യാഭ്യാസം നേടുകയും ചെയ്തു. ഒരു വാഗ്മിയും സഭാചരിത്രപണ്ഡിതനുമാണ് തോമസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത.



ഫാ. പി. എം. ഗീവറുഗീസ്